**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3584** **14-07-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ബസ് ടെർമിനൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി എൺപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ അനുവദിച്ച് നിർമ്മിക്കുന്ന കോതമംഗലം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗമാണ് പ്രവൃത്തിയുടെ നിർവഹണ ഏജൻസി. നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ടെർമിനലിന്റെ നിർമ്മാണം നാളിതുവരെയായിട്ടും ആരംഭിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. യുടെ ഭാഗത്ത് നിന്നും 8 മരങ്ങൾ വെട്ടിമാറ്റേണ്ടതുണ്ട്. മൂന്ന് പ്രാവശ്യം ലേലം ചെയ്തിട്ടും ആരും പങ്കെടുക്കാൻ തയ്യാറായിട്ടില്ല. തുടർന്ന് KSRTC യുടെ ചിലവിൽ വെട്ടിമാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പുതിയ ബസ് ടെർമിനൽ നിർമ്മാണത്തിനായുള്ള സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (സി) | PWDയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായാൽ തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ കൈക്കൊള്ളുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ എസ്റ്റിമേറ്റിന് അംഗീകാരം നല്കി വേഗത്തിൽ ടെണ്ടർ നടപടികളിലേക്ക് കടക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | PWDയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായാൽ തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ